**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃപ്പൂണിത്തുറ നഗരസഭ - പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3143/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.10.2015.

=================================================================

**പരാമർശം :**
1) നഗരകാര്യ ഡയറക്ടറുടെ 08.05.2013-ലെ പി8/1353/12 നമ്പർ ഉത്തരവ് നടപടികൾ.
2) നഗരകാര്യ ഡയറക്ടറുടെ 31.07.2013-ലെ പി8/363/13 നമ്പർ ഉത്തരവ് നടപടികൾ.
3) തൃപ്പൂണിത്തുറ നഗരസഭാ കൗൺസിലിന്റെ 05.09.2014-ലെ 2-ാം നമ്പർ തീരുമാനം.
4) ശ്രീമതി. മേരി.കെ. ഡാനിയേലിന്റെ 27.05.2015-ലെ അപേക്ഷ.
5) തൃപ്പൂണിത്തുറ മുനിസിപ്പൽ സെക്രട്ടറിയുടെ 26.06.2015-ലെ ജി1-1198/12 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

അങ്കമാലി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിലിരിക്കെ 31.03.2013-ൽ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി. മേരി.കെ. ഡാനിയേലിന് പരാമർശം (1) പ്രകാരം അനുവദിച്ച പെൻഷൻ ആനുകൂല്യങ്ങൾ, ടിയാരി പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തെരഞ്ഞെടുത്ത, തൃപ്പൂണിത്തുറ നഗരസഭ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ലെന്നും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ പ്രസ്തുത പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ശ്രീമതി. മേരി.കെ. ഡാനിയേൽ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

ആലുവ നഗരസഭയിൽ നിന്നും 31.03.2011-ൽ എൽ.ഡി.സി. തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ.എൻ.കെ. ഗോപിനാഥനും അങ്കമാലി നഗരസഭയിൽ നിന്ന് സൂപ്രണ്ട് തസ്തികയിൽ 31.03.2013-ൽ വിരമിച്ച ശ്രീമതി. മേരി.കെ.

ഡാനിയേലിനും അനുവദിച്ചിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ തൃപ്പൂണിത്തുറ നഗരസഭയിൽ നിന്ന് നൽകുന്നതിന് പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകകൾ അനുവദിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ മറ്റ് നഗരസഭകളിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് തൃപ്പൂണിത്തുറ നഗരസഭയിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതില്ലായെന്ന് പരാമർശം (3) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയർമാൻ തുക അനുവദിക്കുകയുണ്ടായില്ലെന്ന് പരാമർശം (5) പ്രകാരം തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (3)ലെ നഗരസഭാ കൗൺസിൽ തീരുമാനം റദ്ദ് ചെയ്ത്, ശ്രീമതി. മേരി.കെ. ഡാനിയേലിനും ശ്രീ. എൻ.കെ. ഗോപിനാഥനും അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പകാരം,**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ (with Covering Letter).
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**